"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) - WP(C) No. 36503/2015 കേസിൽ അതോറിറ്റിയ്ക്കുവേണ്ടി ബഹു. ഹൈക്കോടതിയിൽ ഹാജരായ അഡ്വ. ശ്രീ.എസ്.ശ്രീകുമാർ എന്നവർക്ക് വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1296/2025/LSGD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- 1. 18.02.2016 തീയതിയിലെ സ.ഉ (എം.എസ്) നം. 36/16/തസ്വഭവ

2. 11.04.2025 തീയതിയിലെ ജിസിഡിഎ സെക്രട്ടറിയുടെ 7448/എൽ.ഒ/2015/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

ജിസിഡിഎ-യുടെ കലൂർ സ്റ്റേഡിയത്തിലെ വാണിജ്യസമുച്ചയത്തിലെ അലോട്ടിയായിരുന്ന ശ്രീ. കെ.എൻ ഫജർ വാടക കുടിശ്ശിക അടവാക്കാത്തതിനെത്തുടർന്ന് അതോറിറ്റി സ്വീകരിച്ച നടപടിയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ ടിയാൻ ഫയൽ ചെയ്ത WP(C) No. 36503/2015 കേസിൽ അതോറിറ്റിയ്ക്കുവേണ്ടി കോടതിയിൽ ഹാജരാകുന്നതിന് ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സീനിയർ അഡ്വക്കേറ്റ് ശ്രീ.എസ്.ശ്രീകുമാറിനെ ചുമതലപ്പെടുത്തിയിരുന്നതായും ടിയാന് വക്കീൽ ഫീസ് ഇനത്തിൽ അതോറിറ്റി ഫണ്ടിൽ നിന്നും 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിൽ അനുമതി നൽകണമെന്നും ജി.സി.ഡി.എ. സെക്രട്ടറി സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സൂചന (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക്, കേസൊന്നിന് 50,000/- രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ WP(C) No. 36503/2015 കേസിൽ ജി.സി.ഡി.എ.യ്ക്കുവേണ്ടി ബഹു. ഹൈക്കോടതിയിൽ ഹാജരായ സീനിയർ അഡ്വക്കേറ്റ് ശ്രീ.എസ്.ശ്രീകുമാറിന് വക്കീൽ ഫീസ് ഇനത്തിൽ അതോറിറ്റി ഫണ്ടിൽ നിന്നും 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA3/82/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 29-05-2025 12:36:03
സെക്ഷൻ ഓഫീസർ